4 മോഷ്ടിക്കപ്പെട്ട തടികൾ ഉപയോഗിക്കാൻ സാധ്യതയുണ്ട് എന്ന് സംശയം ഉള്ള സ്ഥലങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ചെയ്തു.

5 വനംകേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി മൂന്നു പ്രത്യേക കോടതികൾ (പുനലൂർ, തൊടുപുഴ, മഞ്ചേരി) സ്ഥാപിച്ചു.

6 വനസംരക്ഷണത്തിൽ പൊതുജനങ്ങളെ ബോധവാന്മാരാക്കാനുള്ള ശ്രമം നടത്തുകയും വനം കുറ്റങ്ങളെക്കുറിച്ച് അറിവു നൽകുന്നവർക്ക് പ്രോൽസാഹനമായി റിവാർഡു നൽകുകയും ചെയ്യുന്നു.

7 വനാതിർത്തികൾ അളന്നു തിരിച്ച് സ്ഥിരം ജണ്ടകൾ നിർമ്മിക്കുന്നു.

ട്രെയിനിംഗിന് ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

36 (3568) ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വനം വികസനകോർപ്പറേഷൻ 1981 ൽ അരിപ്പയിൽ സ്ഥാപിച്ച സ്ഥാപനം എന്തിനുവേണ്ടിയുള്ളതായിരുന്നു ;

(ബി) ഏതെല്ലാം തരത്തിലുള്ള ട്രെയിനിംഗ് ഇവിടെ നൽകുന്നുണ്ട് ;

(സി) ഇവിടെ നിന്നും എത്രപേർ ഓരോ വർഷവും പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട് ;

(ഡി) ഇവിടെ ട്രെയിനിംഗിന് ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള വനം വികസന കോർപ്പറേഷനിലെ ഫീൽഡ് അസിസ്റ്റന്റുമാരെ പരിശീലിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു.

(ബി) ഇപ്പോൾ ഈ സ്ഥാപനത്തിൽ ഫോറസ്റ്റ് ഗാർഡുമാർക്കും ഫോറസ്റ്റർമാർക്കും, സി. എസ്. സി. ഫോറസ്ട്രി കോട്ടയിൽ നിയമനം ലഭിക്കുന്ന റെയിഞ്ചർമാർക്കും തുടക്കത്തിലുള്ള പരിശീലനം (ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നുണ്ട്)

(സി) ഇവിടെ നിന്നും രണ്ടു ബാച്ചുകളിലായി 70 ഗാർഡുമാരും ഒരു ബാച്ചിലായി 35 ഫോറസ്റ്ററുമാരും പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട്. ഗാർഡുമാരുടെ പരിശീലനം 6 മാസവും ഫോറസ്റ്റർമാരുടെ പരിശീലനം 9 മാസവുമാണ്.

(ഡി) പി. എസ്. സി. വഴി നിയമനം ലഭിച്ച് വരുന്ന ഗാർഡ്, ഫോറസ്റ്റർ, റെയിഞ്ചർ എന്നീ വിഭാഗം ജീവനക്കാരെ പ്രാഥമിക പരിശീലനത്തിനായി ബന്ധപ്പെട്ട ടെറിട്ടോറിയൽ ഫോറസ്റ്റ് കൺസർവേറ്റർമാരും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും ഇവിടേയ്ക്ക് ട്രെയിനിംഗിന് നിയോഗിക്കുന്നു. അവർക്കാണ് ഇവിടെ പരിശീലനം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly